**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3395** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യവ്യക്തികൾക്ക് പുരാവസ്തുക്കൾ കൈവശംവയ്ക്കുന്നതിനുള്ള അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യവ്യക്തികൾക്ക് പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും അവകാശമുണ്ടോ; എങ്കിൽ ഇവയുടെ ആധികാരികത പരിശോധിയ്ക്കുന്നതിനും അവകാശവാദങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുമായി പുരാവസ്തു വകുപ്പ് എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം/കൈമാറ്റം ചെയ്യുന്നതിനും കേന്ദ്രനിയമമായ ദി ആന്റിക്വിറ്റീസ് & ആർട്ട് ട്രേഷേഴ്സ് ആക്ട് 1972, അതിന്റെ 1973 ലെ ചട്ടങ്ങൾ എന്നിവയിലെ (The Antiquities & Art Treasures Act 1972 & Rules 1973) വ്യവസ്ഥകൾ പ്രകാരം സാധിക്കുന്നതാണ്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്നു തോന്നുന്ന വസ്തുക്കൾ അവ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായി രജിസ്ട്രേഷൻ നടപടികൾ നടത്താവുന്നതാണ്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്രപുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിങ്ങ് ഓഫീസറാണ്. മേൽപ്പറഞ്ഞ ആക്ടിൻ പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയില്ല. |
| (ബി) | പുരാവസ്തുവകുപ്പിന്റെ കൈവശമില്ലാത്ത അമൂല്യപുരാവസ്തുശേഖരം സ്വകാര്യവ്യക്തികൾ കൈവശം വയ്ക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പിന് ഇടപെടാൻ അധികാരം ഉണ്ടോ; എങ്കിൽ മുൻസർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തും സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര സംഭവങ്ങളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപറഞ്ഞ വിധത്തിലുള്ള രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ കേന്ദ്രനിയമത്തിന്റെ റൂൾ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിൽ, മേൽ ആക്ട് പ്രകാരം കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. സംസ്ഥാന പുരാവസ്തു വകുപ്പിന് ഇത്തരം വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കാൻ മേൽ ആക്ടിൽ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ